(സി) വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി കപ്പക്കട, ആലപ്പുഴ ബീച്ച്, ചുടുകാട്, പനയംകുളങ്ങര എന്നീ സ്ഥലങ്ങളിലെ കേടായ കഴൽ കിണറുകൾക്ക് പകരം പുതിയ കഴൽ കിണറുകൾ നിർമ്മിക്കാൻ അനുമതിയായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റി ഭൂജല വകുപ്പിനെ ചുമതലപ്പെടുത്തുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ കറുകത്തറയിൽ സ്ഥാപിച്ചിട്ടുള്ള പുതിയ കഴൽ കിണർ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

ഗുരുവായൂർ കുടിവെള്ള പദ്ധതി

156 (2365) ശ്രീ. കെ. വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുരുവന്നൂർ പുഴയിൽ നിന്നുള്ള ജലം ഉപയോഗിച്ച് ഗുരുവായൂരിലേക്കുള്ള കുടിവെള്ള പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ പ്രസ്തുത പദ്ധതിക്ക് തടസ്സം നിൽക്കുന്നുണ്ടോ ;

(സി) ഗുരുവായൂർ, ചാവക്കാട് നഗരസഭകൾക്കും ഗുരുവായൂർ ദേവസ്വത്തിനും പങ്കാളിത്തമുള്ള കുടിവെള്ള പദ്ധതി എന്ന് പൂർത്തീകരിക്കാനാകും ?

ഉത്തരം

(എ) കിണർ, പമ്പ് ഹൗസ്, ജല ശുദ്ധീകരണശാല, എങ്ങണ്ടിയൂർ ഭൂതല ജലസംഭരണിവരെയുള്ള പൈപ്പ്ലൈൻ, വെള്ളാനിയിലുള്ള പമ്പ് ഹൗസ് എന്നിവ പൂർണ്ണമായും ഗുരുവായൂരിലെ വിതരണശൃംഖല ഭാഗീകമായും പൂർത്തിയായിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഗുരുവായൂരിലേയ്ക്കുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി സമയബന്ധിതമായി കരാറുകാരൻ പൂർത്തിയാക്കാൻ സാധിക്കാത്തതുമൂലം 8 കിലോ മീറ്ററോളം പൈപ്പ് ഇനിയും സ്ഥാപിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള പുനർ ദർഘാസ് 18-6-2015-ന് ക്ഷണിച്ചിട്ടുണ്ട്.

(സി) മാർച്ച് 2016-ഓടുകൂടി ഈ പദ്ധതി പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly